8. അടിസ്ഥാന സൗകര്യങ്ങളുടെ നടത്തിപ്പും സുരക്ഷയും

9. മാനവവിഭവശേഷി

10. വിവര ശേഖര സാങ്കേതിക സംവിധാനം.

(സി) പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടി

27 (4830) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദൂര പ്രദേശങ്ങളിലുള്ള ജനങ്ങളുടെ ജീവിതശൈലീരോഗപരിശോധനയ്ക്കും നിർണ്ണയത്തിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) പി.എച്ച്.സി.-കൾ ഇല്ലാത്ത വിദൂര പ്രദേശങ്ങളിൽ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വിദൂര പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ ചികിത്സക്കായി മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിന്റെ പ്രത്യേക ഭൂമിശാസ്ത്രം കാരണം പല പ്രദേശങ്ങളും യാത്രാക്ലേശവും എത്തിപ്പറ്റാൻ വൈഷമ്യമുള്ളതുമായതിനാൽ ഈ പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്ക് വൈദ്യസഹായം എത്തിക്കുന്നതിന് സാങ്കേതികമായ പരിമിതികളുണ്ട്. മലയോരമേഖലകളിലെ പ്രത്യേകിച്ച് ആദിവാസി മേഖലകളിലും തുരുത്തുകളിലും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും താമസിക്കുന്ന ജനങ്ങൾക്ക് ആതുരാലയങ്ങളിൽ എത്തുന്നതിന് ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നുണ്ട്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ച നൂതന പദ്ധതിയാണ് സഞ്ചരിക്കുന്ന ജീവിതശൈലി ക്ലിനിക്കുകളായ 'കെയർ ഓൺ വീൽസ്','കെയർ ഓൺ വേവ്സ്' എന്നിവ.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) മലയോര മേഖലകളിലും ആദിവാസി ഊരുകളിലും സഞ്ചാര സൗകര്യം കുറവുള്ള പ്രദേശങ്ങളിലും അധിവസിക്കുന്ന ജനങ്ങൾക്ക് ജീവിത ശൈലി രോഗനിർണ്ണയവും ചികിത്സയും മരുന്നും സൗജന്യമായി നൽകുന്ന സഞ്ചരിക്കുന്ന ജീവിതശൈലി ക്ലിനിക്കുകളാണ് കെയർ ഓൺ വീൽസ്. ഇത് മലപ്പുറം, ഇടുക്കി, വയനാട് ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളത്. ഇതിനായി പ്രത്യേക വാൻ സജ്ജീകരിക്കുകയും അതിനുള്ളിൽ മിനി ലബോറട്ടറി ഒരുക്കുകയും പരിശോധനാ സംവിധാനങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഒരു ലബോറട്ടറി ടെക്നീഷ്യന്റെ സേവനവും അതാത് പ്രദേശത്തെ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടർമാർ ഉൾപ്പടെയുള്ള ജീവനക്കാരുടെ സേവനവും ഉറപ്പുവരുത്തുന്നു. ഇതുപോലെ ആലപ്പുഴ, എറണാകുളം ജില്ലകളിൽ തുരുത്തുകളിലും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും താമസിക്കുന്ന ജനങ്ങൾക്കായുള്ള സഞ്ചരിക്കുന്ന ജീവിതശൈലി ക്ലിനിക്കുകളായ 'കയർ ഓൺ വേവ്സ്' ബോട്ടുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.

സ്റ്റാഫ് നഴ്സ് തസ്തികകൾ

28 (4831) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരിധിയിലുള്ള ജില്ല, താലൂക്ക്, സി.എച്ച്.സി, പി.എച്ച്.സി., എന്നീ ആശുപത്രികളിലായി സ്റ്റാഫ് നഴ്സ് ഗ്രേഡ്- III സ്റ്റാഫ് നഴ്സ്-II, ഹെഡ് നഴ്സ് എന്നിവരുടെ എത്ര അനുവദനീയ തസ്തികകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ ;

(ബി) മേൽസൂചിപ്പിച്ച തസ്തികകളിൽ ജോലിനോക്കുന്ന ജീവനക്കാർക്ക് യഥാക്രമം 2:2:1 എന്ന് അനുപാതത്തിലുള്ള പ്രൊമോഷൻ നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലായെങ്കിൽ വിശദാംശം അറിയിക്കുമോ ;

(സി) ഡി.എച്ച്.എസിന്റെ ES3/76025/10 തീയതി 3-1-2013-ലെ പഴയ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം റാങ്ക് നമ്പർ 3460 മുതൽ 3895 വരെയും പുതിയ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം 1 മുതൽ 2000 വരെയും ഉള്ള ലിസ്റ്റിൽനിന്നും ഗ്രേഡ് -I നഴ്സുമാർ, മറ്റ് 13 ജില്ലകളിൽനിന്നും ആയി കൊല്ലം ജില്ലയിലേക്ക് എത്ര പേർ സ്ഥലമാറ്റം മുഖാന്തരം ജോലിനോക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് ഗ്രേഡ് -I നഴ്സുമാർക്ക് മാനദണ്ഡം എന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly